# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 654 02 -12- 2014-ൽ മറുപടിക്ക്.

### മിഷൻ 676- സ്റ്റാർട്ടപ്പ് വില്ലേജ്

ചോദ്യം

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. എ. റ്റി. ജോർജ്

ശ്രീ. റ്റി.എൻ. പ്രതാപൻ

ശ്രീ. സണ്ണി ജോസഫ്

ഉത്തരം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

( വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്റ്റാർട്ടപ്പ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676 -ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കാമോ ; | (എ) | വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള ഈ പദ്ധതിയിൽ രണ്ടു വർഷം കൊണ്ട് ഇരുന്നൂറിലധികം സ്റ്റാർട്ടപ്പുകൾക്ക തുടക്കമായി. ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സംരംഭമായി ഇതു മാറി. വിദ്യാർത്ഥി സംരംഭകർക്ക് 20% ഹാജർ ഇളവ്, 4% ഗ്രേസ് മാർക്ക് , ബജറ്റിന്റെ ഒരു ശതമാനം തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. അഞ്ചു വിദ്യാർത്ഥികൾക്ക് സിലിക്കൺ വാലി സന്ദർശിക്കാൻ അവസരമൊരുക്കി. അവിടം സന്ദർശിക്കുന്ന വിദ്യാർത്ഥി സംരംഭകർക്ക് വേണ്ടി സിലിക്കൺ വാലി ലാൻഡിംഗ് പാഡും ഒരുക്കും. വിദ്യാർത്ഥിനി സംരംഭകർക്ക് 5% ഗ്രേസ് മാർക്ക് നൽകി കൂടുതൽ പ്രോത്സാഹനം നൽകും. |
| (ബി) | ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | രാജ്യത്തെ നമ്പർ വൺ സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണ ലക്ഷ്യമിടുന്നത്. ഇതിനായി ആവിഷ്ക്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. റാസ്പ്ബെറി പൈ പ്രോഗ്രാം<br>2. നേതൃത്വ പരിശീലന പരിപാടി |

| | | | |
|---|---|---|---|
| | | | 3. അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി<br>4. സ്റ്റാർട്ട്അപ്പ് ബൂട്ട്ക്യാമ്പ്<br>5. ഫാബ് ലാബ്<br>6. സ്റ്റാർട്ട്അപ്പ് ബോക്സ് ക്യമ്പയ്ൻ |
| (സി | പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി ടെക്നോപാർക്ക് ടി.ബി.ഐ.യുടെ ബോർഡ് ഓഫ് ഗവേർണേസ് ചെയർമാനായി മുഖ്യമന്ത്രിയും വൈസ് ചെയർമാനായി വ്യവസായ - ഐ.ടി വകുപ്പ് മന്ത്രിയും ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി.ടി.ബി.ഐ യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പുന:ക്രമീകരിക്കുകയും ചെയർമാൻ സ്ഥാനം ഐ.ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ